# അല്മായപ്രേഷിതത്വത്തെ സംബന്ധിച്ച ഡിക്രി

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

**ആമുഖം:**

വത്തിക്കാൻ സൂനഹദോസു ഡിക്രികളിൽ സവിശേഷശ്രദ്ധയാകർഷിക്കുന്ന ഒന്നാണ് അല്മായപ്രേഷിതത്വം സംബന്ധിച്ചുള്ളത്. തിരുസഭയിൽ അത്മായരുടെ പ്രാധാന്യവും അവരുടെ പ്രേഷിതപ്രവർത്തനങ്ങളുടെ പ്രസക്തിയും സവിസ്തരം പ്രതിപാദിക്കുന്ന സൂനഹദോസു രേഖയാണിത്. തിരുസഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെ നാലാമദ്ധ്യായത്തിൽ അല്മായരെക്കുറിച്ച് പറഞ്ഞിരിക്കുന്നവയുടെ വിശദീകരണവും വിശകലനവുമാണ് ഈ പ്രമാണരേഖ. 1965 നവംബർ മാസം 18–ാം തീയതി ഈ ഡിക്രി ഔദ്യോഗികമായി പ്രസിദ്ധീകരിക്കപ്പെട്ടു. അപ്പൊസ്തോലിക്കാം അക്തുവോസിത്താത്തെം (Apostolicam Actuositatem = പ്രേഷിത പ്രവൃത്തി) എന്നതാണ് ഈ ഡിക്രിയുടെ ഔദ്യോഗികനാമം. ആറ് അദ്ധ്യായങ്ങളിലായി 33 ഖണ്ഡികകളുള്ള ഈ ഡിക്രിയിലൂടെ സഭയിൽ വളർന്നുവരുന്ന അല്മായപ്രബുദ്ധതയെ സൂനഹദോസുപിതാക്കന്മാർ അംഗീകരിച്ചു പ്രോത്സാഹിപ്പിക്കുകയാണ്.

## പ്രധാന ചിന്തകൾ:

### i) അല്മായ പ്രേഷിതത്വത്തിന് സഭയിലുള്ള സവിശേഷപ്രാധാന്യം:

അല്മായപ്രേഷിതത്വത്തെ തിരുസഭ ഏറെ താത്പര്യത്തോടെയാണു പ്രോത്സാഹിപ്പിക്കുന്നതെന്നു വ്യക്തമാക്കുന്നതാണ് ഈ ഡിക്രിയുടെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ. അല്മായ പ്രേഷിതത്വം സഭയിൽ ഒരിക്കലും ഇല്ലാതാകാൻ പാടില്ല എന്ന് ഈ രേഖ ഊന്നിപ്പറയുന്നു (n.1). ക്രൈസ്തവവിശ്വാസത്തിലേക്ക് മാമ്മോദീസാ വഴിയുള്ള അവരുടെ അടിസ്ഥാനവിളിതന്നെയാണ് അല്മായരുടെ പ്രേഷിതത്വത്തിനാധാരം. ഈ വിളി സ്വഭാവത്താൽത്തന്നെ പ്രേഷിതത്വത്തിലേക്കുള്ള വിളി കൂടിയാണ്. മിശിഹായുടെ മൗതികശരീരത്തിലെ ഒരംഗവും നിഷ്ക്രിയമായിരിക്കുന്നില്ല. ഈശോയുടെ രാജ്യം ലോകം മുഴുവൻ പ്രചരിപ്പിക്കുവാനും അതുവഴി ഈശോയുടെ രക്ഷാകരമായ വീണ്ടെടുപ്പിൽ എല്ലാ മനുഷ്യരെയും പങ്കുചേർക്കുവാനും ദൈവജനം മുഴുവനും നിതാന്തം പരിശ്രമിക്കുന്നു. ഈ ദൗത്യത്തിൽ വൈദികരും സന്ന്യസ്തരും അല്മായരും തങ്ങളുടെ വ്യത്യസ്തവും എന്നാൽ പരസ്പര പൂരകങ്ങളുമായ ശുശ്രൂഷകളിലൂടെ പങ്കുചേരുന്നു. മിശിഹായുടെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും മാമ്മോദീസായിലൂടെ അത്മായർ

പൊതുവിൽ പങ്കുചേരുന്നു. ശിരസ്സാകുന്ന മിശിഹായോടുള്ള ഐക്യത്തിൽ നിന്നാണ് അല്മായർക്ക് പ്രേഷിത ജോലിക്കുള്ള കടമയും അവകാശവും ഉദ്ഭവിക്കുന്നത്. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ പുണ്യങ്ങൾ വഴിയാണ് അല്മായർ തങ്ങളുടെ പ്രേഷിതത്വം പ്രാവർത്തികമാക്കുന്നത്. ഇതരവിശ്വാസികളോടും വിശിഷ്യാ, വൈദികമേലദ്ധ്യക്ഷന്മാരോടും യോജിച്ചുകൊണ്ടാണ് അല്മായർ തങ്ങളുടെ ഈ പ്രേഷിതത്വം നിർവ്വഹിക്കേണ്ടത്. പ്രേഷിതപ്രവർത്തനങ്ങൾക്കുള്ള ശക്തി നുകരുന്നതാകട്ടെ, ഈശോയോടുള്ള ഗാഢമായ ബന്ധത്തിൽനിന്നും കൗദാശികജീവിതത്തിൽനിന്നുമാണ്. അനുദിനവും വിശുദ്ധമായ ജീവിതത്തിൽ വളർന്നുകൊണ്ടാണ് ഇത് സാധിതമാക്കുന്നത് (nos. 24). ആത്മീയ, ഭൗതികരംഗങ്ങളെ, പ്രത്യേകിച്ച്, ഭൗതികമണ്ഡലങ്ങളെ സുവിശേഷചൈതന്യം കൊണ്ടു പരിപൂരിതമാക്കുക എന്നതാണ് അല്മായരുടെ ഏറ്റവും പ്രധാന പ്രേഷിതദൗത്യം; അവരുടെ ക്രൈസ്തവ അടയാളമാകട്ടെ, പരസ്നേഹ പ്രവൃത്തികളുമാണ് എന്ന് ഈ ഡിക്രി പറയുന്നു (nos. 5-8).

### ii) അല്മായ പ്രേഷിതത്വത്തിന്റെ വിവിധ മേഖലകൾ:

അല്മായപ്രേഷിതത്വത്തിന്റെ പ്രധാന മേഖലകളായി ഈ ഡിക്രി എടുത്തു പറയുന്നത് പ്രധാനമായും അഞ്ചു മണ്ഡലങ്ങളാണ്. സഭാസമൂഹങ്ങൾ, കുടുംബം, യുവജനങ്ങൾ, സാമൂഹികരംഗങ്ങൾ, ദേശീയവും അന്തർദേശീയവുമായ രംഗങ്ങൾ എന്നിവയാണവ (n. 9). കുടുംബത്തിലൂടെയാണ് അല്മായസഹോദരർ തങ്ങളുടെ പ്രേഷിതദൗത്യം പ്രധാനമായും നിർവ്വഹിക്കുന്നത്. വിവാഹത്തിന്റെ പരിശുദ്ധിയും അഭേദ്യതയും അഭംഗുരം കാത്തുസൂക്ഷിക്കുകയും മക്കളെ ക്രൈസ്തവവിശ്വാസത്തിൽ നന്നായി വളർത്തുകയും ചെയ്തുകൊണ്ട് മാതാപിതാക്കൾ ഈ ദൗത്യം നിറവേറ്റുന്നു (n.11). യുവജനങ്ങൾ ചെയ്യുന്ന സ്തുത്യർഹമായ പ്രേഷിതശുശ്രൂഷയെ എടുത്തുപറയുന്ന സൂനഹദോസു പിതാക്കന്മാർ അവർക്ക് നല്ല പരിശീലനവും അർഹമായ അംഗീകാരവും നല്കേണ്ടതിന്റെ ആവശ്യകതയും അനുസ്മരിപ്പിക്കുന്നുണ്ട് (n.12).

### iii) അല്മായപ്രേഷിതത്വത്തിന്റെ വ്യക്തിപരവും സംഘടിതവുമായ ഭാവങ്ങൾ:

അല്മായ പ്രേഷിതത്വത്തിന്റെ ഈ രണ്ടു ഭാവങ്ങളെയും കുറിച്ച് ഈ പ്രമാണരേഖ അനുസ്മരിപ്പിക്കുന്നുണ്ട് (nos. 1522). യഥാർത്ഥ ക്രിസ്തീയജീവിതത്തിൽ നിന്നുദ്ഭവിക്കുന്ന വ്യക്തിപരമായ പ്രേഷിതത്വമാണ് അല്മായ പ്രേഷിതത്വത്തിന്റെ മുഴുവൻ അടിസ്ഥാനം. ആയതിനാൽ വ്യക്തിപരമായ ജീവിതസാക്ഷ്യവും വിശുദ്ധമായ ജീവിതവും സവിശേഷമായ

പ്രാധാന്യമർഹിക്കുന്നു. ഒപ്പം വിവിധ കത്തോലിക്കാ സംഘടനകളോടുചേർന്നു സംഘടിതമായും പ്രവർത്തിക്കുന്നതുവഴി അല്മായ പ്രേഷിതത്വം കൂടുതൽ സജീവമാകുന്നു. കത്തോലിക്കാ സംഘടനകളെ കഴിവതും പ്രോത്സാഹിപ്പിക്കുവാനും വളർത്തുവാനും മേലധികാരികൾ ശ്രദ്ധിക്കുകയും വേണം.

**iv) അല്മായപ്രേഷിതത്വത്തിന്റെ സഭാത്മകമാനം:**

അല്മായപ്രേഷിതത്വം അതു തനിച്ചാണെങ്കിലും സംഘടിതമാണെങ്കിലും സാർവത്രികസഭയുടെ പ്രേഷിതവൃത്തിയോടു ചേർന്നുപോകുന്നതാകണം. അല്മായ പ്രവർത്തനമേഖലകളെ യഥോചിതം സഹകരിച്ചു പ്രവർത്തിപ്പിക്കുവാൻ ഹയരാർക്കിയുടെ ഭാഗത്തുനിന്നു സർഗ്ഗാത്മകമായി ശ്രമിക്കുകയും വേണമെന്ന് കൗൺസിൽ പിതാക്കൻമാർ ഓർമ്മിപ്പിക്കുന്നു (no.23). അല്മായ സഹോദരർ സഭാധികാരികളുടെ നിർദ്ദേശങ്ങൾക്ക് പരിപൂർണ്ണമായും വിധേയരാവുകയും വേണം. വൈദികരും സന്ന്യസ്തരും അല്മായരും പരസ്പരം സഹായിച്ചും സഹകരിച്ചും നീങ്ങണം. ഇടവകതലത്തിലും രൂപതാതലത്തിലും പ്രാദേശികതലങ്ങളിലും അന്താരാഷ്ട്രതലങ്ങളിലും അല്മായപ്രേഷിതത്വത്തെ നന്നായി സംയോജിപ്പിച്ച്ക്കൊണ്ടുപോകണം. അകത്തോലിക്കരോടും അക്രൈസ്തവരോടും സഹകരിച്ചു പ്രവർത്തിക്കാവുന്ന മേഖലകളിൽ വേണ്ടവിധം സഹകരിക്കുവാനും പിതാക്കൻമാർ നിർദ്ദേശിക്കുന്നുണ്ട്. സഭയോടു ചേർന്നുനിന്നുള്ള അല്മായപ്രേഷിതത്വത്തിന് ആവശ്യമായ താത്ത്വികവും പ്രായോഗികവുമായ പരിശീലനം നല്കേണ്ടതിന്റെ ആവശ്യകത എടുത്തുപറഞ്ഞുകൊണ്ട് ഈ ഡിക്രി അവസാനിക്കുന്നു.